(ബി) നോമിനേറ്റഡ് സിൻഡിക്കേറ്റിന്റെ കാലാവധി കഴിഞ്ഞതിനാൽ പുതിയ സിൻഡിക്കേറ്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) നിയമസാധുതയുണ്ടെന്ന് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭിച്ചിട്ടുണ്ട്.

(ബി) പുതിയ സിൻഡിക്കേറ്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

68 (2446) കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, മേഖലാ ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകളിൽ 1998 മാർച്ചിനുശേഷം എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇവയിലേയ്ക്ക് നിയമനം നടത്താത്തത് എന്തുകൊണ്ടാണ്;

(സി) പ്രസ്തുത വകുപ്പിൽ എത്ര പ്രിൻസിപ്പൽമാരുടെ സ്ഥാനങ്ങൾ ഒഴിഞ്ഞുകിടക്കുന്നു;

(ഡി) ഈ വകുപ്പിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുണ്ട്;

(ഇ) പ്രൈവറ്റ് കോളേജുകളിൽ എത്ര ഒഴിവുകൾ നികത്താതെ കിടപ്പുണ്ട്; പ്രസ്തുത ഒഴിവുകൾ എന്നത്തേക്ക് നികത്തുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

69 (2447) അൺ എയിഡഡ് കോളേജുകളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സർവ്വകലാശാലകൾക്കു കീഴിൽ പ്രവർത്തിക്കുന്ന അൺ എയിഡഡ് കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) അതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) 1995 ൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കമ്മിറ്റിയുടെ ശുപാർശ സർക്കാരിന് ലഭിച്ചതിന്റെ അടിസ്ഥാത്തിലാണ് സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് ഉത്തരവ് ഇറക്കിയിട്ടുള്ളത്.

70 (2448) യു.എൻ.പി. പ്രോഗ്രാം നഷ്ടപ്പെടുത്തിയതിനെതിരെ നടപടി

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല ഹിസ്റ്ററി വിഭാഗത്തിന് യു.ജി.സി. അനുവദിച്ച യു.എൻ.പി. പ്രോഗ്രാം നഷ്ടപ്പെടുത്തിയതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നിയമസഭയുടെ പി.എ.സി. റിപ്പോർട്ടിന് എതിരെ കാലിക്കറ്റ് സർവ്വകലാശാല ഒരു റിപ്പോർട്ട് തയ്യാറാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നടപടികളൊന്നും എടുത്തിട്ടില്ലെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ബി)&(സി) സർവ്വകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ച സബ് കമ്മിറ്റി റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയ്ക്ക് വയ്ക്കുന്നതാണെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. ആയത് സർക്കാരിൽ ലഭിച്ചിട്ടില്ല.

71 (2449) കേരളത്തിലെ ടി.ടി.ഐ. കൾ

ശ്രീ. ടി.എം. ജേക്കബ് :
ശ്രീമതി കെ.ആർ. ഗൗരിയമ്മ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആകെയുള്ള ഏതെല്ലാം ടി.ടി.ഐ. കളാണ് മൈനോറിറ്റി കമ്മ്യൂണിറ്റികൾ നടത്തുന്നത്; നോൺ മൈനോറിറ്റി കമ്മ്യൂണിറ്റികൾ നടത്തുന്ന സ്ഥാപനങ്ങൾ ഏതെല്ലാം;

(ബി) കേരളത്തിലെ എല്ലാ ടി.ടി.ഐ. കളിലും കൂടി എത്ര കുട്ടികൾക്കു പ്രവേശനം നൽകുന്നുണ്ട്;

(സി) നിലവിലുള്ള ടി.ടി.ഐ. കൾക്കെല്ലാം സ്ഥിരമായ അംഗീകാരം ഉണ്ടോ;

(ഡി) സമീപകാലത്ത് എൻ.സി.ടി.ഇ, ടി.ടി.ഐ.കളെ സംബന്ധിച്ച് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

(ഇ) ഇതു സംബന്ധമായി ടി.ടി.ഐ. മാനേജർമാരുടെ അസോസിയേഷൻ എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly